## പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

*നക്ഷത്ര ചിഹ്നമിടാത്ത*
*ചോദ്യം നമ്പർ : 5554*

*18 / 11 / 2019 -ൽ*
*മറുപടി നൽകേണ്ടിയിരുന്നത്*

# ഇരിങ്ങാലക്കുട മണ്ഡലത്തിൽ ജലപാത നിർമ്മാണം

**ചോദ്യം**

**പ്രൊഫ. കെ. യു. അരുണൻ**

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ ജലപാതനിർമ്മാണ വകുപ്പുമായി ബന്ധപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ ?

**മറുപടി**

**പിണറായി വിജയൻ**
**( മുഖ്യമന്ത്രി )**

(എ) & (ബി)

ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെ താഴെപ്പറയുന്ന പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്.

1. ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിലെ ഷൺമുഖം കനാലിന്റെ ചെ. 1400 മുതൽ ചെ. 4935 മീ. വരെയുള്ള ഭാഗത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട പ്രവൃത്തി. ഈ പ്രവൃത്തിയുടെ 85% പൂർത്തീകരിച്ചിട്ടുണ്ട്.

2. പടിയൂർ പഞ്ചായത്തിൽ പടിയൂരിൽ ഷൺമുഖം കനാലിന് കുറുകെ ഫൂട്ട് ബ്രിഡ്ജിന്റെ നിർമ്മാണം. പ്രവൃത്തി 35% പൂർത്തീകരിച്ചിട്ടുണ്ട്.

3. 2019 ആഗസ്റ്റിൽ ഉണ്ടായ ശക്തമായ മഴയിൽ പൂമംഗലം പഞ്ചായത്തിലെ വാർഡ് 1-ൽ ഷൺമുഖം കനാൽ ബണ്ട് കുറച്ചുഭാഗം ഇടിഞ്ഞതിനെ തുടർന്ന് 8 ലക്ഷം തുകയ്ക്ക് അടിയന്തര പ്രവൃത്തികൾ നടത്തിയിട്ടുണ്ട് . ടി പ്രവൃത്തി പൂർത്തീകരിച്ചു.

4. ഷൺമുഖം കനാൽ ബണ്ട് റോഡ് ബലപ്പെടുത്തുന്ന പ്രവൃത്തിക്കായുള്ള നടപടികൾ പുരോഗമിക്കുന്നു.

**സെക്ഷൻ ഓഫീസർ**